നടപ്പിലാക്കാത്ത പദ്ധതികൾ

162 (1195) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ ബജറ്റ് പ്രസംഗങ്ങളിൽ റവന്യൂ വകുപ്പിൻ കീഴിൽ പ്രഖ്യാപിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് ഉപേക്ഷിക്കപ്പെടുകയോ നടപ്പിലാക്കാതിരിക്കുകയോ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗങ്ങളിൽ റവന്യൂ വകുപ്പിൻകീഴിൽ പ്രഖ്യാപിക്കപ്പെട്ട് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള പദ്ധതികളെല്ലാം നടപ്പിലാക്കിവരുന്നു.

(ബി) ബാധകമല്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച ധനസഹായം വിതരണം ചെയ്യാത്തത്

163 (1196) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ച ആളുകൾക്ക് സർക്കാർ ഫണ്ട് നൽകിയിട്ടും ഇനിയും വിതരണം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലപ്പുറം ജില്ലയിൽ ഇനിയും വിതരണം ചെയ്യാതെ കിടക്കുന്ന അപേക്ഷകരുടെ എണ്ണവും തുകയും താലൂക്ക് തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly